"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സംസ്ഥാന സാക്ഷരത മിഷൻ-ബ്രെയിലി സാക്ഷരതാ പദ്ധതിയായ ദീപ്തി പദ്ധതി- ഡോക്യുമെന്റേഷൻ വീഡിയോ റെക്കോർഡിംഗ് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1131/2025/LSGD    തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:- കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി ഡയറക്ടറുടെ 24.04.2025 തീയതിയിലെ ഇ1-0697/24/കെ.എസ്.എൽ.എം.എ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് അധ്യാപക ഫോറവുമായി ചേർന്ന് കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് വിദ്യാഭ്യാസ നൈപുണി വികസനം ഉറപ്പാക്കികൊണ്ട് നടപ്പാക്കുന്ന ബ്രെയിലി സാക്ഷരതാ പദ്ധതിയാണ് ദീപ്തി പദ്ധതി. കാഴ്ച വെല്ലുവിളി നേരിടുന്നവരെ ശാക്തീകരിയ്ക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പാണ് ബ്രെയിലി സാക്ഷരത. ബ്രെയിൽ ലിപിയിൽ വായിയ്ക്കുകയും എഴുതുകയും ചെയ്യുക എന്നത് കൂടാതെ അവരെ ജീവിതനൈപുണിയിലേയ്ക്കും തൊഴിലിലേയ്ക്കും നയിയ്ക്കുക എന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും, ആകയാൽ കേരളം മുന്നോട്ട് വയ്ക്കുന്ന ഈ പദ്ധതിയെ ദേശീയ അന്തർ ദേശീയ ശ്രദ്ധയിലേയ്ക്ക് കൊണ്ട് വരുന്നതിനായി വീഡിയോ ഡോക്യുമെന്റേഷൻ ഉൾപ്പെടെയുള്ള ആവശ്യകത മുൻ നിർത്തി റെക്കോർഡിംഗിന് അനുവാദം നൽകണമെന്ന് പരാമർശം പ്രകാരം സാക്ഷരതാ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പാക്കുന്ന ഈ പദ്ധതിയെ ദേശീയ അന്തർ ദേശീയ ശ്രദ്ധയിലേയ്ക്ക് കൊണ്ട് വരുന്നതിനായുള്ള വീഡിയോ ഡോക്യുമെന്റേഷൻ ഉൾപ്പെടെയുള്ള ആവശ്യം മുൻ നിർത്തി റെക്കോർഡിംഗിന് അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്

4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 08-05-2025 11:06:18
സെക്ഷൻ ഓഫീസർ